**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2811** **28-02-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ഇക്കോ ടൂറിസം പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ശ്രീ . എ . കെ . ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിൽ വനം വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ഇക്കോ ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പരിപാലന ചുമതല ആർക്കാണ്; വിശദാംശം അറിയിക്കാമോ; | (എ) | കോഴിക്കോട് ഡിവിഷനു കീഴിൽ തുഷാരഗിരി, കാക്കവയൽ, കക്കയം, പെരുവണ്ണാമൂഴി, ജാനകിക്കാട് എന്നീ 5 അംഗീകൃത ഇക്കോടൂറിസം സെന്ററുകളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. മേൽ ഇക്കോടൂറിസം പദ്ധതികളുടെ നിർവ്വഹണ പരിപാലന ചുമതല കോഴിക്കോട് വനവികസന ഏജൻസിക്ക് കീഴിൽ വരുന്ന അതാത് വനസംരക്ഷണ സമിതികൾക്കാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കക്കയം ഉരക്കുഴി ഇക്കോ ടൂറിസം കേന്ദ്രം സഞ്ചാരികൾക്ക് കൂടുതൽ ഭൗതിക സൗകര്യങ്ങളൊരുക്കി നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | കക്കയം ഉരക്കുഴി ഇക്കോ ടൂറിസം കേന്ദ്രത്തിൽ സന്ദർശകർക്കായി ഇരിപ്പിട സൗകര്യം, ഇക്കോ ഷോപ്പ് & കഫറ്റീരിയ, കുടിവെള്ള സൗകര്യം, ഇന്റർപ്രെട്ടേഷൻ സെന്റർ എന്നീ ഭൗതിക സൗകര്യങ്ങൾ നവീകരണത്തിന്റെ ഭാഗമായി ഒരുക്കിയിട്ടുണ്ട്. |
| (സി) | ഉരക്കുഴി ഇക്കോ ടൂറിസം കേന്ദ്രത്തിലെ തൂക്ക പാലം കാലപ്പഴക്കം കൊണ്ട് അപകടാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ സന്ദർശകരെ തൂക്കുപാലത്തിലേയ്ക്ക് കടത്തിവിടുന്നില്ല. |
| (ഡി) | പുതിയ തൂക്കുപാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | പുതിയ തൂക്കുപാലം നിർമ്മിക്കുന്നത് സംബന്ധിച്ച് ആവശ്യമായ പരിശോധനകൾക്കും പഠനങ്ങൾക്കും ശേഷം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | ഇക്കോടൂറിസം കേന്ദ്രം | വന സംരക്ഷണ സമിതി |
|---|---|---|
| 1 | തുഷാരഗിരി | തുഷാരഗിരി |
| 2 | കാക്കവയൽ | കാക്കവയൽ |
| 3 | കക്കയം | കക്കയം |
| 4 | പെരുവണ്ണാമൂഴി | പന്നിക്കോട്ടൂർ |
| 5 | ജാനകിക്കാട് | ജാനകിക്കാട് |